പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1875 04.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പുതിയതായി വാങ്ങുന്ന ബസ്സുകൾ

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ വർഷങ്ങളിൽ 400 മുതൽ 600 വരെ ബസ്സുകൾ വാങ്ങിയിരുന്ന കെ.എസ്.ആർ.ടി.സി. കഴിഞ്ഞ രണ്ടര വർഷത്തിനിടെ പുതിയതായി വാങ്ങിയത് 100 ബസ്സുകൾ മാത്രമാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | 1000 ബസ്സുകൾ വാങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനമുണ്ടായിരുന്നുവെങ്കിലും ബസ്സുകൾ വാങ്ങാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | അറ്റകുറ്റപണികൾക്കായി ഗ്യാരേജുകളിലുള്ള 800-ൽ അധികം ബസ്സുകൾ പ്രസ്തുത ജോലികൾ തീർത്ത് സർവ്വീസിനു തയ്യാറാക്കുന്നതിന് ആവശ്യമായ ടയറും മറ്റ് സ്പെയർ പാർട്ട്സുകളും വാങ്ങുന്നതിന് പോലും കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക പരാധീനതമൂലം സാധിക്കുന്നില്ല. Escrow വായ്പയിൽ തിരിച്ചടവിനുള്ള പണം പോലും ഇന്നത്തെ നിലയിൽ ബസ് വാങ്ങി ഓടിക്കുന്നതിലൂടെ ലഭിയ്ക്കുകയില്ല. നിലവിൽ അറ്റകുറ്റ പണികൾക്കായി ഗ്യാരേജുകളിലുള്ള ബസ്സുകൾ സർവ്വീസിന് യോഗ്യമാക്കിയും ജീവനക്കാരുടെ കുറവ് പരിഹരിച്ചും ഓടിക്കാൻ കഴിയുന്ന എല്ലാ ബസ്സുകളും |

| | | | |
|---|---|---|---|
| | | | സർവ്വീസിന് അയയ്ക്കാൻ കഴിയുന്ന സാഹചര്യം സംജാതമാക്കുന്നതിനാണ് മുൻ ഗണന നൽകുന്നത്. |
| (സി) | നിലവിലുള്ള ബസ്സുകളിൽ നിന്ന് ശബരിമല സർവ്വീസിനായി ആയിരത്തോളം ബസ്സുകൾ പിൻ വലിക്കുന്നതോടെ യാത്രാക്ലേശം രൂക്ഷമാകുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശബരിമല ഉത്സവകാല പ്രത്യേക സർവ്വീസുകളുടെ നടത്തിപ്പിനായി 1000 (ആയിരം) ബസ്സുകൾ പിൻവലിച്ചിട്ടില്ല. 400 ബസ്സുകൾ മാത്രമാണ് വിവിധ കേന്ദ്രങ്ങളി ലേയ്ക്ക് ശബരിമല മഹോൽസവത്തോ ടനുബന്ധിച്ച് പുനഃക്രമീകരിച്ചിട്ടുള്ളത്. മുൻവർഷങ്ങളിലെപോലെ, യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ, മറ്റ് സർവ്വീസുകൾ ക്രമീകരിക്കുന്നതിന് നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പുതിയ ബസ്സുകൾ വാങ്ങുന്നതിനു പകരം വാടക വണ്ടികൾ ഉപ യോഗിച്ച് സർവ്വീസ് നടത്താമെന്ന് കോർപ്പറേഷൻ തീരുമാനിക്കുകയു ണ്ടായോ; എങ്കിൽ അതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാം ശങ്ങൾ നൽകുമോ? | (ഡി) | നിലവിൽ ഉള്ള ബസ്സുകൾക്ക് പകരം വാടക വണ്ടി ഉപയോഗിക്കാൻ നിലവിൽ തീരുമാനം എടുത്തിട്ടില്ല. എന്നാൽ വെറ്റ് ലീസ് വ്യവസ്ഥയിൽ മുൻപ് ലഭ്യമാക്കിയ 10 സ്കാനിയ ബസ്സുകൾ കൂടാതെ 10 എ.സി. ഇലക്ട്രിക്ക് ബസ്സുകളും വെറ്റ് ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**